# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5540** **01.07.2019-ൽ മറുപടിയ്ക്ക്**

## സഹകരണ മേഖലയിലെ നിയമന മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ നിലവിലുള്ള നിയമന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) സഹകരണ നിയമം വകുപ്പ് 80 (3എ) ഷെഡ്യൂൾ ഒന്നിൽപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരവും, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, പ്രാഥമിക വായ്പ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേക്കുള്ള എല്ലാ തസ്തികകളിലേക്കും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വഴിയും, മറ്റ് തസ്തികകളിലേക്കും മറ്റുള്ള സഹകരണ സ്ഥാപനങ്ങളിലേക്കുമുള്ള നിയമനങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശ പ്രകാരം എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തി സംഘം അതാത് ഭരണസമിതിയുമാണ് നിയമനങ്ങൾ നടത്തുന്നത്. |
| (ബി) സഹകരണ മേഖലയിലെ ഒഴിവു വരുന്ന തസ്തികകൾ നികത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങളെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇവ പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) സ്വീകരിച്ചിട്ടുണ്ട്.<br>ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**